**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5100** **04-07-2024 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം ജില്ലയിലെ സ്കൂളുകളിലെ ജലപരിശോധനാ ലാബുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം സ്കൂളുകളിലാണ് ജലപരിശോധനാ ലാബുകൾ സ്ഥാപിച്ചിട്ടുള്ളത്; വിശദമാക്കുമോ; ഓരോ ലാബും സജ്ജമാക്കുന്നതിന് എത്ര രൂപ വീതമാണ് മുതൽ മുടക്കിയിട്ടുള്ളത്; ലാബുകളിൽ നിന്നും പൊതുജനങ്ങൾക്ക് സേവനം ലഭ്യമാക്കുന്നതിന് വകുപ്പ് സ്വീകരിച്ച നടപടി വിശദമാക്കുമോ; | (എ) | തിരുവനന്തപുരം ജില്ലയിലെ ജി.എച്ച്.എസ്.എസ്, മലയിൻകീഴ് (സ്കൂൾകോഡ് 1037), ജി.എച്ച്.എസ്.എസ് ഫോർ ഗേൾസ്, കന്യാകുളങ്ങര (സ്കൂൾ കോഡ് -1146) എന്നീ സ്കൂളുകളിൽ ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. ഭൂജലവകുപ്പിൽ നടപ്പിലാക്കുന്ന നൂറ് ശതമാനം ഗ്രാന്റ്-ഇൻ-എയ്ഡ് കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ ഭാഗമായി ഓരോ ജില്ലയിൽ 2 വീതം 28 സ്കൂൾ ലാബുകൾ തിരഞ്ഞെടുത്ത് ഓരോ ലക്ഷം വീതം കേന്ദ്രഫണ്ട് ചെലവാക്കിയാണ് സ്കൂൾ ലാബ് സജ്ജീകരിച്ചിരിക്കുന്നത്. ഓരോ ലാബിനും ഒരു ലക്ഷം രൂപ വീതമാണ് മുതൽ മുടക്കിയിട്ട് ഉള്ളത്. ജല പരിശോധന നടത്തുന്നതിന് ടീച്ചർമാർക്കും വിദ്യാർത്ഥികൾക്കും മതിയായ പരിശീലനവും ജലപരിശോധനയുടെ ആവശ്യകതയെക്കുറിച്ച് ബോധവത്ക്കരണവും നൽകിയിട്ടുണ്ട്. പ്രദേശവാസികൾക്ക് ജലഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | സ്കൂൾ അധ്യയന വർഷാരംഭത്തോടനുബന്ധിച്ച് സ്കൂളുകളുടെ ജലപരിശോധന നടത്താൻ ഈ ലാബുകൾ ഉപയോഗിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) | ഈ അദ്ധ്യയന വർഷത്തിൽ ടി സ്കൂളുകൾ പരിശോധന നടത്തിയതായി അറിയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ